


**Week 14 (March 17_2024)**

1. According to Mar Babai, which property of the Word by which He is distinct from the Father and the Ruha d'Kudsha?

The Parsopa of Filiation, which is natural, unique, and unchangeable.

2. "We adore and venerate the sign of the Sleeva, because by it we are redeemed from sin, death and satan. We adore the Sleeva because of the one who was crucified upon it. And we adore the crucified one, the man from us because Alaha the Word unitedly dwells in Him and gave Him everything except His very nature. We adore the Sleeva because the Son died on it for our sins; we adore the Sleeva, because the Son died upon it in His human nature. He overthrew satan, and affixed the sin to His Sleeva and by His death He put an end to the enmity. He is thus the Cause of our Salvation and our Life." Whose words are these?

Mar Babai.

3. What does Mar Babai teach about resurrection of bodies?

"Behold the whole man will be transformed in his body and in his soul, perfect and blessed."

4. What explanation does Mar Babai give to the Syriac word 'Pagra'?

Pagra means body, any body which have organs is called Pagra.

5. What explanation does Mar Babai give to the Syriac word 'Gusma'?

Gusma means Matter, anything which has no organs, cannot be called Pagra, but it must be called Gusma.

6. What synonym does mar Babai use for Gusma?

Besra (flesh).

7. What explanation does Mar Babai give to those who deny the need of organs after resurrection?

Babai answers that they have not only material purposes, but also spiritual: "It is not for food alone that the

mouth is made, but for praise and glorification and thanksgiving before the majesty".

8. What is the syriac term for Firstborn?

Bukra.

9. What is the syriac term for Only Begotten?

Ihidaya.

10. What are the ways in which Mar Babai explain Bukra?

He is the firstborn from Maryam because, He opened her womb; He is the firstborn from the dead because, He is the first one to be risen from the dead in His humanity; He is the firstborn of all creation, because through Him everything is renewed.

11. How does Mar Babai distinguish between Bukra and Ihidaya?

Ihidaya is the name of the Alahusa (Divinity). Bukra is the name of the Economy.

12. Who distinguishes Bukra and Ihidaya as follows: "There is in fact, a great deal of distinction between an Ihidaya

and a Bukra. And it is impossible for the Ihidaya and the Bukra to be one and the same. Bukra is a name given to

someone who has many brothers, while Ihidaya refers to some one who has no brothers"?

Mar Theodore of Mopsuestia.

13. "M'shiha has risen 'incorruptibly, and perfectly. He appeared to the disciples and confirmed them in faith that he
had resurrected from the dead. He showed them wonders to prove it." Who says this?
Mar Babai.

14. Which are the two parallel incidents which Mar Babai uses to explain the Transformation of Pagra of Isho

M'shiha?

In His earthly mortal body, in His humanity, to show them the reality of his divinity, during his earthly life, Isho transformed Himself before the three Shlihe at Tabor. He showed them the glory of the future life. Though, for some time, the body was a transformed one, after the event it remained as the mortal body. In the same way, after the resurrection, even though His body has resurrected to immortality and incorruptibility, having no stigmata, he made a miracle and showed them in His body. The stigmata remained for some time but disappeared. He made them in His body by a miracle to convince the disciples of the reality of his risen

body. As the transfiguration at Tabor was true and real, His stigmata were real and his body remained incorruptible.

15. What does Mar Babai call the incident at Tabor?

He calls it as tawhaitha razanaita (mystical demonstration).

16. According to Mar Babai, which were the three miracles which M'shiha performed after his Resurrection?

Although M'shiha had no stigmata in His body, because it is the risen body, He miraculously made them on Himself to confirm the Shlihe in their faith. The wounds He showed were real and not phantasies. And the disciples believed that He has risen in the same body in which He was crucified.Before their eyes He took the food with His venerable hands and ate it. But His resurrected body has no need of food; it did not nourish Him. By sharing their meals, He was working a miracle there, to confirm them in faith, that He rose again in His body.M'shiha appeared before tbe Shlihe in dress, although He did not have clothes. The cloth which was wrapped around His dead body was seen in the tomb. It was also meant to make them firm in their belief in his resurrection, although it was a matter of minor importance.

17. What does Mar IshoDad of Merv says about the incident at which M'shiha ate food with Shlihe after resurrection?

M'shiha did not eat really and naturally but truly He ate before His disciples.

18. How does Mar IshoDad of Merv mention the dress of the risen Isho M'shiha?

As a miracle.

19. What comparison does Mar Babai make for "Closed Doors" before and after the death of Isho M'shiha?

Without destroying the virginity of the Mother, He came to the world through "Closed doors" and kept her perpetually chaste and virgin. Similarly after His Resurrection, He appeared to the Shlihe inside the room through "Closed doors".

20."And further, that He went through the "Closed Doors". It is the concrete body and that is something wonderful; but if the Divine nature went through it, it would not be remarkable, in which I abstain from what happens to the Infinite". Who says this about the appearance of Isho M'shiha to his Shlihe in a room with "Closed doors"?

Mar Nestorius.

**Week 14 (March 17_2024)**

1. മാർ ബാബായിയുടെ അഭിപ്രായത്തിൽ, പിതാവിൽ നിന്നും റൂഹാദ്കുദ്ശായിൽ നിന്നും വ്യത്യസ്തമായ വചനത്തിന്റെ സവിശേഷത എന്താണ് ?

ഫീലിയേഷന്റെ പർസോപ; അത് സ്വാഭാവികവും അതുല്യവും മാറ്റമില്ലാത്തതുമാണ്.

2. 'ഞങ്ങൾ സ്ലീവയുടെ അടയാളത്തെ ആരാധിക്കുകയും വണങ്ങുകയും ചെയ്യുന്നു, കാരണം അതിലൂടെ നാം പാപത്തിൽ നിന്നും മരണത്തിൽ നിന്നും സാത്താനിൽ നിന്നും വീണ്ടെടുക്കപ്പെടുന്നു. അതിൽ ക്രൂശിക്കപ്പെട്ടവൻ നിമിത്തം ഞങ്ങൾ സ്ലീവയെ ആരാധിക്കുന്നു. ക്രൂശിക്കപ്പെട്ടവനെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളിൽ നിന്നുള്ള മനുഷ്യൻ, വചനമായ അലാഹ സ്ലീവായിൽ ഒന്നായ് വസിക്കുകയും തന്റെ പ്രകൃതം ഒഴികെ എല്ലാം അതിൽ നൽകുകയും ചെയ്തു. ഞങ്ങൾ സ്ലീവായെ ആരാധിക്കുന്നു, കാരണം പുത്രൻ നമ്മുടെ പാപങ്ങൾക്കായി അതിൽ മരിച്ചു, ഞങ്ങൾ സ്ലീവയെ ആരാധിക്കുന്നു, കാരണം പുത്രൻ തന്റെ മനുഷ്യപ്രകൃതത്തിൽ അതിൽ മരിച്ചു, അവൻ സാത്താനെ കീഴടക്കി , പാപത്തെ അവന്റെ സ്ലീവയിൽ തറച്ചു, അവന്റെ മരണത്താൽ അവൻ ശത്രുത അവസാനിപ്പിച്ചു, അങ്ങനെ അവൻ നമ്മുടെ രക്ഷയ്ക്കും നമ്മുടെ ജീവനും കാരണമായി'. ഇത് ആരുടെ വാക്കുകളാണ്?

മാർ ബാബായ്

3. ശരീരങ്ങളുടെ ഉത്ഥാനത്തെക്കുറിച്ച് മാർ ബാബായി എന്താണ് പഠിപ്പിക്കുന്നത്?

' ഉത്ഥാനത്തിൽ മനുഷ്യൻ മുഴുവനും അവന്റെ ശരീരത്തിലും ആത്മാവിലും പരിപൂർണ്ണനും അനുഗ്രഹീതനും ആയി

രൂപാന്തരപ്പെടും.'

4. 'പഗ്റ' എന്ന സുറിയാനി പദത്തിന് മാർ ബാബായ് എന്ത് വിശദീകരണമാണ് നൽകുന്നത്?

'പഗ്റ'എന്നാൽ ശരീരം എന്നാണ് അർത്ഥം, അവയവങ്ങളുള്ള ഏതൊരു ശരീരത്തെയും 'പഗ്റ' എന്ന് വിളിക്കുന്നു.

5. 'ഗുസ്മ' എന്ന സുറിയാനി പദത്തിന് മാർ ബാബായ് എന്ത് വിശദീകരണമാണ് നൽകുന്നത്?
ഗുസ്മ എന്നാൽ പദാർത്ഥം എന്നർത്ഥം. അവയവങ്ങളില്ലാത്തവയെ പഗ്റ' എന്ന് വിളിക്കാൻ കഴിയില്ല, പക്ഷേ അവ
ഗുസ്മ എന്ന് വിളിക്കപ്പെടും.

6. ഗുസ്മയ്ക്ക് മാർ ബാബായ് ഏത് പര്യായപദമാണ് ഉപയോഗിക്കുന്നത്?

ബെസ്റ (മാംസം).

7. ഉയിർപ്പിന് ശേഷം അവയവങ്ങളുടെ ആവശ്യകത നിഷേധിക്കുന്നവർക്ക് മാർ ബാബായ് എന്ത് വിശദീകരണമാണ് നൽകുന്നത്?

അവർക്ക് ഭൗതിക ലക്ഷ്യങ്ങൾ മാത്രമല്ല, ആത്മീയവും ഉണ്ടെന്ന് ബാബായ് ഉത്തരം നൽകുന്നു: 'ഭക്ഷണത്തിന് വേണ്ടി മാത്രമല്ല, അധരം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, മറിച്ച് മഹത്വത്തിന്റെ മുമ്പാകെ സ്തുതിക്കും കൃത്ജ്ഞതയ്ക്കും വേണ്ടിയാണ്'.

8. ആദ്യജാതൻ എന്നതിന്റെ സുറിയാനി പദം എന്താണ്?

ബുക്റ

9. ഏകജാതന്റെ സുറിയാനി പദം എന്താണ്?

ഇഹിദായ

10. ബുക്റയെ മാർ ബാബായ് വിശദീകരിക്കുന്ന വഴികൾ എന്തൊക്കെയാണ്?

അവൻ മറിയത്തിൽ നിന്നുള്ള ആദ്യജാതനാണ്, കാരണം അവൻ അവളുടെ ഗർഭപാത്രം തുറന്നു; അവൻ മരിച്ചവരിൽ നിന്നുള്ള ആദ്യജാതനാണ്, കാരണം, തന്റെ മനുഷ്യത്വത്തിൽ മരിച്ചവരിൽ നിന്ന് ആദ്യമായി ഉയിർത്തെഴുന്നേറ്റവനാണ്; അവൻ എല്ലാ സൃഷ്ടികളുടെയും ആദ്യജാതനാണ്, കാരണം അവനിലൂടെ എല്ലാം നവീകരിക്കപ്പെടുന്നു.

11. ബുക്റയേയും ഇഹിദായയെയും എങ്ങനെ മാർ ബാബായി വേർതിരിക്കുന്നു?

ഇഹിദായ എന്നത് അലാഹുസയുടെ (ദൈവത്വം) പേരാണ്. ബുക്റ എന്നത് രക്ഷാപദ്ധതിയുടെ പേരാണ്.

12. 'വാസ്തവത്തിൽ, ഇഹിദായയും ബുക്റയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇഹിദായയും ബുക്റയും ഒന്നാകുന്നതും ഒരു പോലെയാകുന്നതും അസാധ്യമാണ്. ബുക്റ എന്നത് അനേകം സഹോദരങ്ങളുള്ള ഒരാൾക്ക് നൽകിയിരിക്കുന്ന പേരാണ്. എന്നാൽ ഇഹിദായ സഹോദരങ്ങളില്ലാത്ത ഒരുവനെ സൂചിപ്പിക്കുന്നു'? ഈ വിധത്തിൽ ഇഹിദായയും ബുക്റയും വേർതിരിക്കുന്നത് ആര്?

മെപ്സൂഎസ്ത്യായിലെ മാർ തിയോദോർ.

13. ' മിശിഹാ അക്ഷയമായും പൂർണമായും ഉയിർത്തെഴുന്നേറ്റു '. അവൻ ശിഷ്യന്മാർക്ക് പ്രത്യക്ഷനായി, താൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റുവെന്ന വിശ്വാസത്തിൽ അവരെ ഉറപ്പിച്ചു. അത് തെളിയിക്കാൻ അവൻ അവർക്ക് അത്ഭുതങ്ങൾ കാണിച്ചു.' ആരാണ് ഇത് പറയുന്നത്?

മാർ ബാബായ്

14. ഈശോ മിശിഹായുടെ പഗ്റയുടെ രൂപാന്തരം വിശദീകരിക്കാൻ മാർ ബാബായി ഉപയോഗിക്കുന്ന രണ്ട് സമാന്തര സംഭവങ്ങൾ ഏതാണ്?

'തന്റെ ഭൗമിക മർത്യശരീരത്തിൽ, തന്റെ ദൈവികതയുടെ യാഥാർത്ഥ്യം അവർക്ക് കാണിച്ചുകൊടുക്കാൻ, തന്റെ മനുഷ്യത്വത്തിൽ, ഈ ലോക ജീവിതത്തിൽ, ഈശോ താബോറിൽ മൂന്നു ശ്ലീഹന്മാരുടെ മുമ്പിൽ സ്വയം രൂപാന്തരപ്പെട്ടു. വരാനിരിക്കുന്ന ജീവിതത്തിന്റെ മഹത്വം അവൻ അവർക്ക് കാണിച്ചുകൊടുത്തു. കുറച്ച് സമയത്തേക്ക് ശരീരം രൂപാന്തരപ്പെട്ടതാ യിരുന്നെങ്കിലും ആ സംഭവത്തിനുശേഷം മർത്യശരീരമായി തുടർന്നു.അതുപോലെ, ഉത്ഥാനശേഷം, അവന്റെ ശരീരം അമർത്യതയിലേക്കും അക്ഷയത്വത്തിലേക്കും ഉയിർത്തെഴുന്നേറ്റെങ്കിലും, കളങ്കമില്ലാത്ത, അവൻ ഒരു അത്ഭുതം ചെയ്ത് അവർക്ക് തന്റെ ശരീരം കാണിച്ചു. മുറിവുകൾ ഉത്ഥിതശരിരത്തിൽ കാണപ്പെട്ടെങ്കിലും അവ പിന്നീട് അപ്രത്യക്ഷമായി. തന്റെ ഉയിർത്തെഴുന്നേറ്റ ശരീരത്തിന്റെ യാഥാർത്ഥ്യം ശിഷ്യന്മാരെ ബോധ്യപ്പെടുത്താൻ അവൻ തന്റെ ശരീരത്തിൽ അത്ഭുതം പ്രവർത്തിച്ചു.' താബോറിലെ രൂപാന്തരീകരണം സത്യവും യാഥാർത്ഥ്യവുമായിരുന്നതുപോലെ അവന്റെ മുറിവുകൾ യാഥാർത്ഥ്യവും. അവന്റെ ശരീരം അക്ഷയമായി തുടർന്നു.

15. താബോറിലെ സംഭവത്തെ മാർ ബാബായ് എന്താണ് വിളിക്കുന്നത്?

തൗഹൈത റസാനൈത (മിസ്റ്റിക്കൽ ഡെമോൺസ്ട്രേഷൻ) എന്നാണ് മാർ ബാബായ് വിളിക്കുന്നത്.

16. മാർ ബാബായിയുടെ അഭിപ്രായത്തിൽ, ഉയിർത്തെഴുന്നേറ്റ ശേഷം മിശിഹാ ചെയ്ത മൂന്ന് അത്ഭുതങ്ങൾ

ഏതൊക്കെയാണ്?

ഉയിർത്തെഴുന്നേറ്റ ശരീരമായതിനാൽ, മിശിഹായുടെ ശരീരത്തിൽ ക്ഷതങ്ങളൊന്നുമില്ലെങ്കിലും, ശ്ലീഹന്മാരെ വിശ്വാസത്തിൽ ഉറപ്പിക്കാൻ അവൻ അവ അത്ഭുതകരമായി സ്വയം സൃഷ്ടിച്ചു. അവൻ കാണിച്ച മുറിവുകൾ യഥാർത്ഥമായിരുന്നു, തോന്നലുകളല്ല. അവൻ ക്രൂശിക്കപ്പെട്ട അതേ ശരീരത്തിൽ ഉയിർത്തെഴുന്നേറ്റു എന്ന് ശിഷ്യന്മാർ വിശ്വസിച്ചു. അവരുടെ കൺമുമ്പിൽ അവൻ തന്റെ വന്ദ്യകരങ്ങളിൽ ഭക്ഷണം സ്വീകരിക്കുകയും ഭക്ഷിക്കുകയും ചെയ്തു. എന്നാൽ ഉയിർത്തെഴുന്നേറ്റ അ

വന്റെ ശരീരത്തിന് ഭക്ഷണത്തിന്റെ ആവശ്യമില്ല; അത് അവനെ പോഷിപ്പിച്ചില്ല. അവൻ തന്റെ ശരീരത്തിൽ ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തിൽ അവരെ ഉറപ്പിക്കാൻ. അവരുടെ ഭക്ഷണം പങ്കിട്ടുകൊണ്ട്, അവൻ അവിടെ ഒരു അത്ഭുതം പ്രവർത്തിച്ചു. അവനു വസ്ത്രമില്ലെങ്കിലും ശ്ലീഹന്മാരുടെ മുന്നിൽ മിശിഹാ വസ്ത്രത്തിൽ പ്രത്യക്ഷപ്പെട്ടു. കല്ലറയിൽ മിശിഹായുടെ തിരുശരീരത്തിൽ ചുറ്റിയ തുണി കാണപ്പെട്ടു. ചെറിയ പ്രാധാന്യമുള്ള കാര്യമാണെങ്കിലും, അവന്റെ ഉത്ഥാനത്തിലുള്ള അവരുടെ വിശ്വാസത്തിൽ അവരെ ദൃഢമാക്കാൻ അത് പ്രയോജനകരമായിരുന്നു.

17. ഉത്ഥാന ശേഷം മിശിഹാ ശ്ലീഹന്മാരോടൊപ്പം ഭക്ഷണം കഴിച്ച സംഭവത്തെക്കുറിച്ച് മെർവിലെ മാർ ഈശോദാദ് എന്താണ് പറയുന്നത്?

മിശിഹാ യഥാർത്ഥമായും സ്വാഭാവികമായും ഭക്ഷണം കഴിച്ചില്ല, എന്നാൽ സത്യമായും തന്റെ ശിഷ്യന്മാരുടെ മുമ്പാകെ മിശിഹാ ഭക്ഷണം കഴിച്ചു.

18. ഉയിർത്തെഴുന്നേറ്റ ഈശോ മിശിഹായുടെ വസ്ത്രധാരണത്തെക്കുറിച്ച് മെർവിലെ മാർ ഈശോദാദ് എങ്ങനെയാണ് പരാമർശിക്കുന്നത്?

ഒരു അത്ഭുതം പോലെ.

19. ഈശോ മിശിഹായുടെ മരണത്തിന് മുമ്പും ശേഷവും 'അടഞ്ഞ വാതിലുകളെ' മാർ ബാബായ് എന്തിനോട് താരതമ്യം ചെയ്യുന്നു?

അമ്മയുടെ കന്യകാത്വത്തെ കളയാതെ, 'അടച്ച വാതിലുകളിലൂടെ' അവൻ ലോകത്തിലേക്ക് വന്നു, അവളെ നിത്യമായി ശുദ്ധയും കന്യകയുമായി സൂക്ഷിച്ചു. അതുപോലെ, അവന്റെ പുനരുത്ഥാനത്തിനുശേഷം, അവൻ 'അടഞ്ഞ വാതിലിലൂടെ' മുറിക്കുള്ളിലെ ശ്ലീഹമാർക്ക് പ്രത്യക്ഷപ്പെട്ടു.

20 'അവൻ 'അടഞ്ഞ വാതിലിലൂടെ' കടന്നുപോയി. അത് ഭൗതിക ശരീരമാണ്, അതൊരത്ഭുതവുമാണ്; പക്ഷേ ദൈവിക സ്വഭാവം അതിലൂടെ കടന്നുപോയാൽ, അത് ശ്രദ്ധിക്കപ്പെടുന്നതായിരിക്കില്ല, അനന്തമായതിന് സംഭവിക്കുന്നതിൽ നിന്ന് അത് ഒഴിവാകുന്നു. ' 'അടഞ്ഞ വാതിലുകളുള്ള' ഒരു മുറിയിൽ ശ്ലീഹന്മാർക്ക് ഈശോമിശിഹാ പ്രത്യക്ഷപ്പെട്ടതിനെക്കുറിച്ച് ആരാണ് ഇപ്രകാരം പറയുന്നത്?

മാർ നെസ്തോറിയസ്.